Draft #1 of File 113566/EA 2-2/2025/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 17-Nov-2025 04:17 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സംഗ്രഹം

സർവ്വകലാശാല പരീക്ഷകൾ- 1st Semester FYUGP November 2025 പരീക്ഷയുടെ മൂല്യനിർണ്ണയവുമായി ബന്ധപെട്ടു കോളേജ് പ്രിൻസിപ്പൽമാരുടെ സാനിധ്യത്തിൽ കൂടിയ ഓൺലൈൻ യോഗത്തിന്റെ ശിപാർശകൾ- വൈസ് ചാൻസലർ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരീക്ഷാ വിഭാഗം എ 2 സെക്ഷൻ

നമ്പർ. 10789/EA 2/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.11.2025

പരാമർശം:-14.11.2025 തീയതിയിൽ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം 1st Semester FYUGP November 2025 പരീക്ഷയുടെ മൂല്യനിർണ്ണയവുമായി ബന്ധപെട്ടു കോളേജ് പ്രിൻസിപ്പൽമാരുടെ സാനിധ്യത്തിൽ കൂടിയ ഓൺലൈൻ യോഗത്തിന്റെ നടപടികുറിപ്പ് - വൈസ് ചാൻസലറുടെ അംഗീകാരത്തോടുകൂടി.

ഉത്തരവ്

1st Semester FYUGP November 2025 പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതുമായി ബന്ധപ്പെട്ടു കോളേജ് പ്രിൻസിപ്പൽമാരുടെ സാനിധ്യത്തിൽ കൂടിയ ഓൺലൈൻ യോഗത്തിന്റെ താഴെ പറയുന്ന ശിപാർശകൾ, പരാമർശം പ്രകാരം, വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

1. 1st Semester FYUGP November 2024 പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം 17.11.2025 തീയതിയിൽ ആരംഭിക്കുന്നതാണ്.

2. 28.11.2025 തിയതിക്കുള്ളിൽ Internal Mark Entry പൂർത്തീകരിക്കേണ്ടതാണ്.

3. ഒരു ദിവസം മൂല്യനിർണ്ണയം നടത്തേണ്ട ഉത്തരക്കടലാസുകളുടെ എണ്ണം, സമയക്രമം, മറ്റ് പൊതുനിർദ്ദേശങ്ങൾ എന്നിവയെല്ലാം FYUGP മൂന്നാം സെമസ്റ്ററിൽ കോളേജ് തലത്തിൽ നടന്ന മൂല്യനിർണ്ണയ ക്യാമ്പുകളുടേത് തന്നെയായിരിക്കുന്നതാണ്.

4. 14.11.2025 തിയതിവരെ നടത്തിയ പരീക്ഷകളുടെ മൂല്യനിർണ്ണയം 17.11.2025 മുതൽ ആരംഭിക്കുന്നതിനും ആയതിന്റെ സ്കീമുകൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനും അവശേഷിക്കുന്ന പരീക്ഷകളുടെ സ്കീമുകൾ ലഭ്യമാകുന്ന മുറയ്ക്ക് മൂല്യനിർണ്ണയം ആരംഭിക്കുന്നതിനും 16.12.2025, 5.00 pm- നു മുമ്പായി തിയറി മാർക്ക് എൻട്രി പൂർത്തീകരിക്കേണ്ടതാണ്.

5. 17.11.2025 തിയതി മുതൽ പ്രാക്ടിക്കൽ പരീക്ഷകൾ, വിദ്യാർത്ഥികളുടെ സൗകര്യം അനുസരിച്ചു ക്രമീകരിച്ച് നടത്തുന്നതിനും, കോളേജ് തലത്തിൽ മീറ്റിംഗ് കൂടി Practical Timetable തയ്യാറാക്കി യൂണിവേഴ്സിറ്റിയിലേക്ക് സമർപ്പിക്കുന്നതിനും, 18.12.2025, 5.00 pm- നു മുമ്പായി Practical പരീക്ഷകളുടെ മാർക്ക് എൻട്രി പൂർത്തിയാകേണ്ടതാണ്.

6. Internal, Theory, Practical എന്നിവയുടെ മാർക്ക് എൻട്രി സർവ്വകലാശാല നിർദ്ദേശിച്ച സമയത്തിനുള്ളിൽ തന്നെ പൂർത്തിയാകേണ്ടതാണ്.

7. 3rd Semester FYUGP October 2025 പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തിയ അധ്യാപകർക്കുള്ള ഡ്യൂട്ടി സർട്ടിഫിക്കറ്റ് 17.11.2025 മുതൽ ACS പോർട്ടലിൽ ലഭ്യമാകുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശബരീഷ് ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1) എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്കും
2) വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3) രജിസ്ട്രാർ/ സി.ഇ./എഫ്.ഒ. എന്നിവരുടെ പി. എ.മാർ
4) ജെ.ആർ. 1/ 4/ ഡി.ആർ 6 (പരീക്ഷ)/ എ.ആർ.3 /ഡി.ആർ 2 (അക്കാദമിക്)/ജെ.ആർ 2 (അഡ്മിൻ)
5) ഐ.റ്റി. സെൽ 1/ 2/ ഐ.ക്യു.എ.സി./എസി. സി 1/2 /സി ഇ സെക്ഷൻ
6) ബന്ധപ്പെട്ട സെക്ഷനുകൾ
7) സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

Draft #1 of File 113566/EA 2-2/2025/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 17-Nov-2025 04:17 PM - Page 2